ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഴത്തിലുള്ള വിശ്വാസം, ജനാധിപത്യ മൂല്യം എന്നിവയിലധിഷ്ഠിതമാണ് ഇന്ത്യ- ഇസ്രയേൽ ബന്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . വിവിധ മേഖലകളി ൽ ഇന്ത്യയും ഇസ്രയേലും ധാരണാപത്രങ്ങൾ കൈമാറി.

   **Prime Minister Narendra Modi said that India–Israel relations are founded on deep trust and democratic values. India and Israel exchanged Memorandums of Understanding in various sectors.**

2. രാജ്യത്ത് നിന്ന് നുഴഞ്ഞുകയറ്റക്കാരെ പുറത്താക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

   **Union Home Minister Amit Shah stated that the central government is committed to removing every infiltrator from Indian soil.**

3. രാജ്യത്തെ ഓട്ടോമൊബൈൽ വ്യവസായ നിയമങ്ങൾ ആഗോള റോഡ് സുരക്ഷാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ചതായി കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി.

   **Country's automobile industry rules and regulations and standards are now aligned with global road safety standards: says Union Minister Nitin Gadkari.**

4. നീതിന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ചുള്ള പരാമർശത്തെ തുടർന്ന് എൻസിഇആർടി എട്ടാം ക്ലാസിലെ പാഠപുസ്തകം നിരോധിച്ച് സുപ്രീം കോടതി.

   **The Supreme Court has imposed a blanket ban on NCERT class 8 book carrying a chapter on corruption in the judiciary.**

5. 'കേരള സ്റ്റോറി 2' സിനിമയുടെ റിലീസ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തു. സിനിമയ്ക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് പുനഃപരിശോധന നടത്താൻ സെൻസർ ബോർഡിന് നിർദേശം.

The Kerala High Court stayed the release of the film 'Kerala Story 2'; the court directs the Central Board of Film Certification to reconsider the certification of the movie.

6. ഐ.സി.സി പുരുഷ ട്വന്റി- ട്വന്റി ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ ഇന്ത്യ- സിംബാവേ മത്സരം പുരോഗമിക്കുന്നു. സിംബാവേ ഫീൽഡിങ് തിരഞ്ഞെടുത്തു.

In the Super 8 stage of the International Cricket Council Men's T20 Cricket World Cup, the India–Zimbabwe match in progress. Zimbabwe won the toss and chose to field.

*******************************

## PRESIDENT JHARKHAND VISIT

ഒരു ദിവസത്തെ സന്ദർശനത്തിനായി ജാർഖണ്ഡിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമുവിന് ഊഷ്മള വരവേൽപ്. ഗവർണർ സന്തോഷ് കുമാർ ഗാങ്‌വാറും മുഖ്യമന്ത്രി ഹേമന്ത് സോറനും റാഞ്ചിയിലെ ബിർസ മുണ്ട വിമാനത്താവളത്തിൽ രാഷ്ട്രപതിയെ സ്വീകരിച്ചു. ജംഷഡ്പൂരിലെ കദ്മയിലെ ശ്രീ ജഗന്നാഥ ക്ഷേത്രത്തിന്റെ തറക്കല്ലിടലും 'ഭൂമി പൂജയും' രാഷ്ട്രപതി നിർവഹിച്ചു.

*******************************

## VICE PRESIDENT

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ 57-ാമത് ബിരുദദാന ചടങ്ങ് നാളെ ന്യൂഡൽഹിയിൽ നടക്കും. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ മുഖ്യാതിഥിയാകും. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അധ്യക്ഷത വഹിക്കും. ഐ.ഐ.എം.സി.യിലെ പുതിയ അക്കാദമിക്, ഹോസ്റ്റൽ ബ്ലോക്കുകളുടെ തറക്കല്ലിടലും ഇതോടൊപ്പം നടക്കും.

*******************************

## INDIA ISRAEL MoU (INTRO) – PM

ഭൗമ ഭൗതിക പര്യവേക്ഷണം, സംസ്കാരം, മത്സ്യബന്ധനം, യുപിഐ, വിദ്യാഭ്യാസം ഉൾപ്പെടെ വിവിധ മേഖലകളിൽ ധാരണാപത്രങ്ങൾ കൈമാറി ഇന്ത്യയും ഇസ്രയേലും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവും തമ്മിൽ നടന്ന പ്രതിനിധി തല ചർച്ചകൾക്ക് ശേഷമാണ് ധാരണാപത്രങ്ങൾ കൈമാറിയത്. ആഴത്തിലുള്ള വിശ്വാസം, ജനാധിപത്യ മൂല്യം എന്നിവയിലധിഷ്ഠിതമാണ് ഇന്ത്യ-ഇസ്രയേൽ ബന്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സംയുക്ത വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പ്രതിരോധ മേഖലയിൽ സംയുക്ത ഉൽപ്പാദനം, സാങ്കേതിക വിദ്യ കൈമാറ്റം എന്നിവയ്ക്ക് മുൻഗണന നൽകുമെന്നും സിവിൽ ആണവോർജം, ബഹിരാകാശം എന്നീ മേഖലകളിൽ സഹകരണം വ്യാപിപ്പിക്കുമെന്നും ശ്രീ മോദി വ്യക്തമാക്കി

**(ഹോൾഡ് വോയ്സ്...)**

ഇന്ത്യയും ഇസ്രായേലും നൂതനാശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി ഇസ്രയേൽ പ്രധാനമന്ത്രി പറഞ്ഞു. പ്രസിഡന്റ് ഐസക് ഹെർസോഗുമായും പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തി. ഇന്ത്യൻ വംശജരായ ജൂത സമൂഹവുമായും പ്രധാനമന്ത്രി സംവദിച്ചു.

******************************

## AMIT SHAH BIHAR (INTRO)

രാജ്യത്ത് നിന്ന് നുഴഞ്ഞുകയറ്റക്കാരെ പുറത്താക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. ബിഹാറിലെ അരാരിയിൽ നടന്ന റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിയമവിരുദ്ധ നുഴഞ്ഞുകയറ്റം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സർക്കാർ സമഗ്രമായ നടപടികൾക്ക് തുടക്കമിട്ടതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

**(ഹോൾഡ് വോയിസ്)**

******************************

## VAISHNAW RAILWAYS

റെയിൽ ഗതാഗതരംഗത്ത് നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പുകൾ, ഗവേഷകർ, വ്യവസായ സംരംഭങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവരുമായുള്ള സഹകരണം ശക്തിപ്പെടുത്തുകയാണ് ഇന്ത്യൻ റെയിൽവേയുടെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. '52 ആഴ്ചയ്ക്കുള്ളിൽ 52 പരിഷ്കാരങ്ങൾ' നടപ്പിലാക്കാനുള്ള ദൗത്യത്തിന്റെ ഭാഗമായി രണ്ട് സുപ്രധാന പദ്ധതികൾ ന്യൂഡൽഹിയിൽ പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. റെയിൽ ടെക് പോളിസി, ഇ-റെയിൽവേ ക്ലെയിംസ് ട്രിബ്യൂണൽ എന്നിവയാണ് പുതുതായി പ്രഖ്യാപിച്ച പരിഷ്കാരങ്ങൾ.

*******************************

## GADKARI- ROAD SAFETY

രാജ്യത്തെ ഓട്ടോമൊബൈൽ വ്യവസായ നിയമങ്ങളും മാനദണ്ഡങ്ങളും ആഗോള റോഡ് സുരക്ഷാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ചതായി കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. ന്യൂഡൽഹിയിൽ റോഡ് സുരക്ഷാ ദേശീയ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വർദ്ധിച്ചുവരുന്ന റോഡപകടങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച കേന്ദ്രമന്ത്രി രാജ്യത്ത് പ്രതി വർഷം അഞ്ച് ലക്ഷത്തോളം റോഡപകടങ്ങൾ ഉണ്ടാകുന്നതായും ഒരു ലക്ഷത്തി എൺപതിനായിരത്തോളം മരണങ്ങൾ സംഭവിക്കുന്നതായും പറഞ്ഞു.

*******************************

## SC- NCERT BOOK BAN

NCERT എട്ടാം ക്ലാസിലെ പാഠപുസ്തകത്തിൽ നീതിന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ചുള്ള പരാമർശത്തെ തുടർന്ന് പുസ്തകം നിരോധിച്ച് സുപ്രീം കോടതി. പുസ്തകങ്ങളുടെ മുഴുവൻ കോപ്പികളും പിടിച്ചെടുക്കാനും പരമോന്നത കോടതി നിർദേശം നൽകി. ഓൺലൈൻ പതിപ്പിനും നിരോധനം ഏർപ്പെടുത്തി. നിർദേശം എത്രയും വേഗം നടപ്പിലാക്കാൻ കേന്ദ്ര- സംസ്ഥാന സർക്കാരുകളോട് കോടതി ഉത്തരവിട്ടു. ഉത്തരവ് നടപ്പിലാക്കിയില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുമെന്നും

പരമോന്നത കോടതി മുന്നറിയിപ്പ് നൽകി. NCERT ഡയറക്ടർ, സ്കൂൾ വിദ്യാഭ്യാസ സെക്രട്ടറി, എന്നിവർക്ക് കോടതി കാരണം കാണിക്കൽ നോട്ടീസ് നൽകി.

*******************************

## KERALA STORY -2

'കേരള സ്റ്റോറി 2' സിനിമയുടെ റിലീസ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തു. സിനിമയ്ക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച പുനഃപരിശോധന നടത്താൻ സെൻസർ ബോർഡിനോട് കോടതി ആവശ്യപ്പെട്ടു. നാളെയാണ് ചിത്രം തിയേറ്ററുകളിൽ റിലീസ് ചെയ്യാൻ ഇരുന്നത് .

*******************************

## HIGH COURT - MEDICAL COLLEGE

ഡോക്ടർമാരുടെ സമരത്തെ തുടർന്ന് സർക്കാർ മെഡിക്കൽ കോളേജുകളിലെ അവശ്യ സേവനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ച് ഹൈക്കോടതി. ഒപിപ്രവർത്തനം തടസ്സമില്ലാതെ തുടരാൻ മറ്റ് ഡോക്ടർമാരെ നിയമിക്കുന്നതായും പണിമുടക്കുന്ന ഡോക്ടർമാരുമായി ചർച്ച നടത്തുന്നതായും സർക്കാർ കോടതിയെ അറിയിച്ചു.

*******************************

## PATTAYAMELA

സർക്കാർ ജനങ്ങൾക്ക് നൽകിയ 600 വാഗ്ദാനങ്ങളിൽ 580 എണ്ണവും പാലിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനതല പട്ടയമേളയുടെ ഔപചാരിക ഉദ്ഘാടനം തൃശൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേരളം കണ്ട മഹാമാരികളേ ചെറുത്ത് തോൽപ്പിക്കാൻ സർക്കാരിന് കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു.

*******************************

## A K SASEENDRAN

സംസ്ഥാനത്ത് കാട്ടുതീ നിയന്ത്രിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനും വേണ്ടിയുള്ള വനം വകുപ്പിന്റെ ഫോർസൈറ്റ് സംവിധാനം മന്ത്രി എ കെ ശശീന്ദ്രൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വനം വികസന ഏജൻസിക്കായി

കിഫ്ബി ധനസഹായത്തോടെ നൽകിയ ഫോർ വീൽ ഡ്രൈവ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫും മന്ത്രി നിർവ്വഹിച്ചു. മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള പൂർണമായ എല്ലാ അപേക്ഷകളിലും മാർച്ച് 31-ന് അകം ധനസഹായം വിതരണം ചെയ്യുമെന്നും മന്ത്രി പ്രഖ്യാപിച്ചു.

*******************************

## KERALA – SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാം. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

*******************************

## TWENTY – 20

ഐ.സി.സി പുരുഷ ട്വന്റി ട്വന്റി ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ 8 ഗ്രൂപ്പ് 1 ൽ ഇന്ത്യ-സിംബാവെ മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ സിംബാവെ ഫീൽഡിങ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 5.3 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ 69 റൺസ് എടുത്തിട്ടുണ്ട്. ഇന്ന് നടന്ന മറ്റൊരു മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെതിരെ ദക്ഷിണാഫ്രിക്ക ഒമ്പത് വിക്കറ്റിന് വിജയിച്ചു.

*******************************

## ISL

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് എഫ് സി ഗോവ -സ്പോട്ടിങ് ക്ലബ് ഡൽഹി പോരാട്ടം. ഗോവയിലാണ് മത്സരം.

*******************************

## INDIA KARNATAKA AKASHVANI TRANSMITTER

കർണാടകയിലെ ശിവമോഗയിൽ പുതുതായി സ്ഥാപിച്ച 10 കിലോ വാട്ട് എഫ്.എം ട്രാൻസ്മിറ്റർ സ്റ്റേഷൻ കേന്ദ്ര സഹമന്ത്രി എൽ. മുരുക

ൻ ഇന്ന് ഉദ്ഘാടനം ചെയ്തു. കർണാടകയിലെ പൊതുമേഖല പ്രക്ഷേപണം ശക്തിപ്പെടുത്തുന്നതിനുള്ള നിർണായക ചുവടുവയ്പാണ് ട്രാൻസ്മിറ്റർ സ്റ്റേഷനെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. 101.4 മെഗാഹെർട്സിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രം ആകാശവാണി ഭദ്രാവതി സ്റ്റേഷൻറെ പ്രക്ഷേപണം ശിവ മോഗയിലും മറ്റ് സമീപ ജില്ലകളിലും ലഭ്യമാക്കും.

*******************************

## SCINDIA- VAISHNAW

രാജ്യത്തെ വടക്കുകിഴക്കൻ മേഖല, മധ്യപ്രദേശ് എന്നിവിടങ്ങളിലെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രിമാരായ ജ്യോതിരാദിത്യ സിന്ധ്യ, അശ്വിനി വൈഷ്ണവ് എന്നിവർ ചർച്ച നടത്തി. ഗ്വാളിയർ, ഗുണ, ചമ്പൽ എന്നിവിടങ്ങളിൽ നിന്ന് മധ്യപ്രദേശിൻറെ വിവിധ ഭാഗങ്ങളിലേക്ക് റെയിൽ കണക്ടിവിറ്റി ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചും വടക്കുകിഴക്കൻ മേഖലയിലെ റെയിൽവേ സൗകര്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും ഇരുവരും ചർച്ച നടത്തി.

*******************************

## EVE IRAN-US NUCLEAR TALKS

ഇറാൻ- അമേരിക്ക മൂന്നാം ഘട്ട ആണവ നയതന്ത്ര ചർച്ചകൾ ജനീവയിൽ നടന്നു. ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചിയാണ് ഇറാൻ സംഘത്തെ നയിക്കുന്നത്. അമേരിക്കൻ പ്രതിനിധി സ്റ്റീവ് വിറ്റ് കോഫും ജറീദ് കഷ്ണറുമാണ് യുഎസ് സംഘത്തെ നയിക്കുന്നത്.

*******************************

## CANADA PM VISIT

നാലു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി കാനഡ പ്രധാനമന്ത്രി മാർക്ക് കാർണി നാളെ മുംബൈയിൽ എത്തും. അദ്ദേഹത്തിൻറെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അദ്ദേഹം പ്രതിനിധിതല ചർച്ചകൾ നടത്തും.

ഇന്ത്യാ-കാനഡ സിഇഒ ഫോറത്തിലും ഇരു നേതാക്കളും പങ്കെടുക്കും.